## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.776 30.01.2019 -ലെ മറുപടിക്ക്**

## <u>അംബേദ്കർ ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ആയിക്കമത്ത് വിള കോളനി, ഐ.കെ.എസ് കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആയിക്കമത്ത് വിള കോളനിയുടെ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഐ.കെ.എസ് കോളനിയുടെ എസ്റ്റിമേറ്റിൽ ഉള്ള ന്യൂനത പരിഹരിക്കുന്നതിനായി ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | ആയിക്കമത്ത് വിള കോളനിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. MOU ഒപ്പ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.കെ.എസ് കോളനിയുടെ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ള എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഈ വർഷം കോളനി വികസനത്തിനുള്ള പദ്ധതി നിലവിലുണ്ടോ; മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം | (ഡി) | നിലവിലുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം പ്രളയബാധിത കോളനികളുടെ പുനർനിർമ്മാണത്തിനാണ് പരിഗണന |

| | | | |
|---|---|---|---|
| | വരുത്തിയിട്ടുണ്ടോ; അറിയിക്കാമോ? | | നൽകുന്നത്. 30 പട്ടികജാതി കുടുംബങ്ങളിലധികം ഉള്ളതും കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചതുമായ 90 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രളയബാധിത കോളനികളുടെ പുനർനിർമ്മാണം എന്ന പരിഗണനയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ